# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6183 10.7.2012-ൽ മറുപടിയ്ക്ക്

**മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനുവേണ്ടി എന്തൊക്കെ അനുബന്ധ സംവിധാനങ്ങൾ വേണ്ടതുണ്ട്; | എ) | എറണാകുളം ജില്ലയിൽ ഒരു മാംസ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്ന മുറയ്ക്ക് മാവേലിക്കരയിൽ ഒരു റീട്ടെയിൽ ഷോപ്പ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ബി) | ഓരോ പഞ്ചായത്തുകളുടെ മണ്ണിന്റെ ഘടന അനുസരിച്ച് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അതാത് പഞ്ചായത്തുകൾക്ക് അനുയോജ്യമായ ഫലവൃക്ഷകൃഷി നടപ്പാക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികളോ നിർദ്ദേശങ്ങളോ സർക്കാരിന്റെ കൈവശമിപ്പോൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | ബി) | ഫലവൃക്ഷ കൃഷിക്കായി കൃഷി വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. കേരള ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ദീർഘകാല ഫല വൃക്ഷ വിളയായ മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 30,000/- രൂപയുടെ 60% ആയ 18,000/- രൂപയും ഹ്രസ്വകാല ഫല വൃക്ഷ വിളകളായ വാഴയുടെയും കൈതച്ചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 70,000/- രൂപയുടെ 50% ആയ 35,000/- രൂപയും ധനസഹായം നല്കുന്നു. കൂടാതെ ടിഷ്യു കൾച്ചർ വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടർ ഒന്നിന് മൊത്തം പദ്ധതി ചെലവായ 83,204/- രൂപയുടെ 50 % ആയ 41,602/- രൂപയും ധന സഹായം നല്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ വിള വിസ്തൃതി വ്യാപനവും, 1000 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയുടെ വിള വിസ്തൃതി വ്യാപനവും, 1000 ഹെക്ടർ സ്ഥലത്ത് വാഴയുടെ വിള വിസ്തൃതി വ്യാപനവും, നടത്താൻ ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 2000 ഹെക്ടർ സ്ഥലത്ത് ടിഷ്യു കൾച്ചർ വാഴകൃഷി നടത്തുവാനും അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി എല്ലാ ജില്ലകൾക്കും ഈ ഭൗതിക ലക്ഷ്യം വീതിച്ച് നല്കിയിട്ടുണ്ട്. ഇത് |

പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കൃഷിഭവനകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ 'ശീത മേഖല ഫലവൃക്ഷങ്ങളുടെ വ്യാപനം ' എന്ന പദ്ധതി ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മൂന്നാർ, മറയൂർ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. ശീത മേഖല ഫല വൃക്ഷങ്ങളായ ഓറഞ്ച്, ആപ്പിൾ,പാഷൻ ഫ്രൂട്ട്, പ്ലം, പീച്ച്, പിയർ, സ്ട്രോബറി, റംബൂട്ടാൻ, പേര, ലിച്ചി, മാംഗോസ്റ്റീൻ മുതലായവ പ്രചരിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു. പദ്ധതിയിൽ 500 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി 250 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 250 ഹെക്ടറിൽ സ്ട്രോബറിയും 250 ഹെക്ടറിൽ ശീതകാല ഫല വൃക്ഷങ്ങളായ ഓറഞ്ച്, ആപ്പിൾ, പാഷൻ ഫ്രൂട്ട്, പ്ലം, പീച്ച്, പിയർ, സ്ട്രോബറി, റംബൂട്ടാൻ എന്നിവയും കൃഷി ചെയ്യുന്നതാണ്. ഒരു ഗുണ ഭോക്താവിന് ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിനായി 50,000/- രൂപ ധന സഹായം നല്കുന്നു.

Seele

സെക്ഷൻ ഓഫീസർ